## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2570** **18 .08.2017-ൽ മറുപടിക്ക്**

## റോഡുകളിലെ അപകടാവസ്ഥ ഇല്ലാതാക്കാൻ നടപടി

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ദേശീയ പാതയോരങ്ങളിലെയും പൊതുമരാമത്ത് റോഡുകളുടെ ഓരങ്ങളിലേയും കുഴികളിൽ/എഡ്ജുകളിൽ വീണ് ഇരുചക്ര വാഹന യാത്രക്കാരും മറ്റും അപകടത്തിൽപ്പെടുന്നതും മരണപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡു - കളുടെ ഓരങ്ങളിൽ / എഡ്ജുകളിൽ വീണ് ഇരുചക്ര വാഹന യാത്രക്കാരും മറ്റും അപടത്തിൽപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത പാതയോരങ്ങൾ ടാർ ചെയ്യുന്നതോടൊപ്പം എഡ്ജുകൾ/കുഴികൾ കൂടി മണ്ണിട്ട് റോഡ് നിരപ്പാക്കി അപകടാവസ്ഥ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ: | (ബി) | പ്രസ്തുത ഓരങ്ങൾ ടാർ ചെയ്യുന്നതോ- ടൊപ്പം എഡ്ജുകൾ/കുഴികൾ കൂടിമണ്ണിട്ട് റോഡ് നിരപ്പാക്കാറുണ്ട്. മഴമൂലം റോഡ് എഡ്ജിലുള്ള മണ്ണ് ഒലിച്ചു പോകാറുണ്ട്.ഇത് മണ്ണിട്ട് നിരപ്പാക്കി അപകടാവസ്ഥ ഇല്ലാതാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. തുടർന്നും ഇത്തരം നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | നിലവിൽ പല സ്ഥലങ്ങളിലും റോഡുകൾ പൂർണ്ണമായും ടാർ ചെയ്യുന്നത് മൂലം കാൽനട യാത്രക്കാർക്ക് സഞ്ചരിക്കാനുള്ള സ്ഥലം ഇല്ലാതാകുന്നതിനാൽ ഇത്തരം റോഡുകൾ ടാർ ചെയ്യുമ്പോൾ കാൽനടയാത്രക്കാർക്കുള്ള പാതകൂടി അടയാളപ്പെടുത്താനും അല്ലെങ്കിൽ ടൈൽ പാകി പ്രത്യേകം തിരിക്കുന്നതിനും നട — പടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്കനുസരിച്ച് കാൽനടയാത്ര ക്കാർക്കുള്ളഫുഡ്പാത്ത് കൂടി നിർമ്മിച്ചു വരുന്നുണ്ട്. വീതി കൂടുതലായി ടാർ ചെയ്യുന്ന ഭാഗത്ത് വാഹനങ്ങൾക്കുള്ള കാര്യേജ് വേ എഡ്ജ് ലൈൻ വരച്ച് വ്യക്തമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**